കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചൊവ്വന്നൂർ ബ്ലോക്ക്പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.1)622/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020, തീയതി 31.05.2017
ഫോൺ നം. 0487 2331249
ഇ-മെയിൽ: dotsr.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചൊവ്വന്നൂർ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : ചൊവ്വന്നൂർ ബ്ലോക്ക്പഞ്ചായത്ത് - 2014-15,2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-2, 3-8 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം

21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :</u>

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.1)622/17 തിയ്യതി:31.05.2017

<u>തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13-07-2015 മുതൽ 03-04-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2014 മുതൽ 31-03-2016 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത

ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സുരേഷ്ബാബു.വി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03-04-2017 മുതൽ<br>12-04-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സതീശൻ.എൻ.<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.സിജു.പി.ഡാംസൺ.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിദ്യാ വിക്രമൻ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുനിൽ.പി.ബി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി.പത്മ വേണുഗോപാൽ<br>01-04-2014 മുതൽ 18.11.15 വരെ |
| | കുമാരി.എ.വി.സുമതി,<br>19-11-2015 മുതൽ 31-03-2016 |

സ.ഉ.നം.324/2015/ത.സ്വ.ഭ.വ/20.10.2015പ്രകാരം ഓരോ പഞ്ചായത്തിനും അവയിൽ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്നതു മുതൽ 2015ലെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിനു ശേഷം അത്തരം പഞ്ചായത്തുകളിൽ പുതിയ ഭരണസമിതി രൂപീകരിക്കുന്നതു വരെയുള്ള കാലയളവിലേക്ക് ഒരു ഭരണനിർവ്വഹണ കമ്മിറ്റി നിയമിക്കുവാൻ നിർദ്ദേശമുണ്ട്. ഉത്തരവ് പ്രകാരം ഭരണ നിർവ്വഹണ കമ്മിറ്റിയിലുണ്ടായിരിക്കേണ്ട അംഗങ്ങൾ ചുവടെ ചേർക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

2.അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ

3. സി. ഡി . പി .ഒ

എന്നാൽ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.ആർ.ഉപേന്ദ്രഷേണായി | 01-04-2014മുതൽ 30-11-2014 വരെ |
| | ശ്രീ.കെ.ജി.സലിംകുമാർ (അഡീഷണൽചാർജ്ജ്) | 01-12-2014 മുതൽ 09-12-2014 വരെ |
| | ശ്രീ.പി.കെ.വിശ്വൻ. | 10-12-2014 മുതൽ 14-05-2015 വരെ |
| | ശ്രീ.പ്രകാശൻ.കെ.വി. (ഇൻ ചാർജ്ജ്) | 15-05-2015 മുതൽ 22-05-2015 വരെ |
| | ശ്രീ.ബി.എൽ.ബിജിത്ത് | 23-05-2015 മുതൽ 22-09-2015 വരെ |
| | ശ്രീ.സുഭാസ്.എം.കെ. (ഇൻ ചാർജ്ജ്) | 23-09-2015 മുതൽ 15-11-2015 വരെ |
| | ശ്രീ.സി.എ.മുരളിധരൻ (അഡീഷണൽചാർജ്ജ്) | 16-11-2015 മുതൽ 06-12-2015 വരെ |
| | ശ്രീ.ബി.എൽ.ബിജിത്ത് | 07-12-2015 മുതൽ 14-02-2016 വരെ |
| | ശ്രീ.ആർ. അജയകുമാർ | 15-02-2016 മുതൽ 31-03-2016 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.സി.ജി.പീറ്റർ. | 01-04-2014 മുതൽ 31-03-2016 വരെ |
| സൂപ്രണ്ട്, സി.എച്ച്.സി. പഴഞ്ഞി | ഡോ. രാധാ പറമ്പേരി | 01-04-2014 മുതൽ 31-03-2016 വരെ |
| പട്ടികജാതി വികസന ഓഫീസർ, ചൊവ്വന്നൂർ | ശ്രീ.ജോസഫ് ജോർജ്ജ് | 01-04-2014 മുതൽ 31-03-2016 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ,ചൊവ്വന്നൂർ | ശ്രീമതി.ചിത്രലേഖ.കെ.കെ. | 01-04-2015 മുതൽ 12-06-2015 വരെ |
| | ശ്രീമതി.ജയശ്രീ.എസ്. | 13-06-2015 മുതൽ 23-07-2015 വരെ |
| | ശ്രീമതി.ബേബി മാത്യു | 23-07-2015 മുതൽ 31-03-2016 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ, ചൊവ്വന്നൂർ (അഡീഷണൽ) | ശ്രീമതി.മേരി.പി.കെ. | 01-04-2014 മുതൽ 28-04-2014 വരെ |
| | ശ്രീമതി.ചിത്രലേഖ.കെ.കെ. (അഡീഷണൽചാർജ്ജ്) | 29-04-2014 മുതൽ 09-06–2014 വരെ |
| | ശ്രീമതി.പ്രിയദർശിനി.ബി. | 10-06-2014 മുതൽ 19-07-2014 വരെ |
| | ശ്രീമതി.ലളിത.വി.പി. (അഡീഷണൽചാർജ്ജ്) ഐ.സി.ഡി.എസ്. | 19-07-2014 മുതൽ 29-07-2014 വരെ |

| | | |
|---|---|---|
| | സൂപ്പർവൈസർ | |
| | ശ്രീമതി.ജയശ്രീ.എസ്. | 30-07-2014 മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ. ചൊവ്വന്നൂർ | ശ്രീമതി. നീന.കെ.മേനോൻ | 01-04-2014 മുതൽ 28-04-2014 വരെ |
| | ശ്രീമതി.ഹൈറുന്നീസ | 29-04-2014 മുതൽ 12-05-2014 വരെ |
| | ശ്രീമതി. നീന.കെ.മേനോൻ | 12-05-2014 മുതൽ 11-11-2014 വരെ |
| | ശ്രീമതി.ജയശ്രീ.ബി.കെ. | 12-11-2014 മുതൽ 30-04-2015 വരെ |
| | ശ്രീമതി. നീന.കെ.മേനോൻ | 01-05-2015 മുതൽ 17-07-2015 വരെ |
| | ശ്രീമതി.ടിസ്സമ്മ തോമസ് | 18-07-2015 മുതൽ 31-03-2016 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ,ചൊവ്വന്നൂർ | ശ്രീമതി.ഗീതാകുമാരി.ടി.പി. | 01-04-2014 മുതൽ 29-01-2015 വരെ |
| | ശ്രീമതി.മഞ്ജുഷ.ടി.വി. | 02-02-2015 മുതൽ 01-04-2015 വരെ |
| | ശ്രീമതി.ഗീതാകുമാരി.ടി.പി. | 01-04-2015 മുതൽ 31-05-2015 വരെ |
| | ശ്രീമതി.മഞ്ജുഷ.ടി.വി. | 01-06-2015 മുതൽ 31-03-2016 വരെ |

<u>ഉള്ളടക്കം</u>


| നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | രജിസ്റ്ററുകളുടെ പരിപാലനം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| 10 | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ, ചൊവ്വന്നൂർ അധീഷണൽ നടപ്പാക്കിയ പ്രോജക്ടുകൾ | 3-1 |

| | | |
|---|---|---|
| 11 | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പഴഞ്ഞി നടപ്പാക്കിയ പ്രോജക്ടുകൾ | 3-2 |
| 12 | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നിർവ്വഹണം നടത്തിയ പദ്ധതികൾ | 3-3 |
| 13 | സ്വകാര്യ കമ്പനി നിർമ്മിച്ച പ്ലാസ്റ്റിക്ക് കസേരകൾ സിഡ്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ വാങ്ങി | 3-4 |
| 14 | കംപ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത | 3-5 |
| 15 | ഐ.എ.വൈ - ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 3-6 |
| 16 | ബ്ലോക്ക് ഡവലപ്പ്മെന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ – ചെലവുകളുടെ കൈപ്പറ്റ് രസീത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല - 2,26,399/- രൂപ തടസ്സപ്പെടുത്തുന്നു | 3-7 |
| 17 | ഐ.എ.വൈ പലിശ അധിക തുക അടവാക്കി 120000/- രൂപ നിരാകരിക്കുന്നു | 3-8 |
| 18 | പോർക്കുളം ഹെൽത്ത് സെന്റർ റോഡിലെ അഴുക്കുചാൽ നിർമ്മാണം പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു. | 3-9 |
| 19 | അംബേദ്കർ കോളനി കുടിവെള്ള പദ്ധതി വടക്കുംമുറി, കടവല്ലൂർ – തുടർ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. | 3-10 |
| 20 | പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം-ക്രമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. | 3-11 |
| 21 | ആനയ്ക്കൽ കുടിവെള്ള പദ്ധതി തുടർ നടപടി സ്വീകരിക്കണം | 3-12 |
| | ഭാഗം 4 | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| വർഷം | അംഗീകരിച്ച തിയ്യതി | തീരുമാന നമ്പ്ര് | പ്രതീക്ഷിത വരവ് (₹) | പ്രതീക്ഷിത ചെലവ് (₹) |
|---|---|---|---|---|
| 2014-15 | 25-02-2014 | 01 | 312296518 | 312248170 |
| 2015-16 | 12-03-2015 | 01 | 355756782 | 362559942 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2014-15 | 31-07-15 | 31-07-2015 | - | - |
| 2015-16 | 31-07-16 | 28-07-2016 | - | - |

## 1-3 വാർഷിക കണക്കിലെ അപാകതകൾ

i) 2015-16 ലെ ബാലൻസ് ഷീറ്റ് പ്രകാരം capital work in progress എന്ന ശീർഷകത്തിൽ 14,770,024/-രൂപ ബാക്കി ഉണ്ട്. പണി പൂർത്തിയായ പ്രവർത്തികൾ അതാത് ആസ്തിയുടെ ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിന് രേഖപ്പെടുത്തലുകൾ വരുത്താത്തതാണ് ഇത്രയും തുക capital work in progress എന്ന ശീർഷകത്തിൽ അവശേഷിക്കുന്നതിന് കാരണം .

ii) എ) പൊതു ആവശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകൾ, പ്രത്യേക ആവശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകൾ ആയി ലഭിക്കുന്ന വരവുകൾ എന്നിവയിൽ നിന്നും റവന്യൂ ചെലവ് നടത്തുമ്പോൾ, തത്തുല്യമായ തുക ബാധ്യത ശീർഷകത്തിൽ നിന്നും റവന്യൂ ചെലവ് ആയി രേഖപ്പെടുത്തേണ്ടതുണ്ട്. അപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തി കാണുന്നില്ല (IAY-വികസന ഫണ്ട്).

ബി) 31/3/2016 ൽ 1600300203 – contribution towards other schemes – from gramapanchayath എന്ന ശീർഷകത്തിൽ ഡെബിറ്റ് നൽകികൊണ്ടും 350800299-other liabilities എന്ന ശീർഷകത്തിന് ക്രെഡിറ്റ് നൽകികൊണ്ടും 52,71,773/- രൂപയുടെ Journal voucher തയ്യാറാക്കിയിരിക്കുന്നു. ഈ എൻട്രിയുടെ ആവശ്യകത വ്യക്തമാക്കാൻ സാധിച്ചിട്ടില്ല. മേൽ രണ്ടു കാരണങ്ങളാൽ 2015-16 ലെ Income & Expenditure account പ്രകാരം 43,49,253/- രൂപ കമ്മി രേഖപ്പെടുത്തിക്കാണുന്നു.

iii) Deposit work-കൾ നടപ്പാക്കാൻ വിവിധ ഏജൻസികൾക്ക് നൽകുന്ന തുക അഡ്വാൻസ് ആയി രേഖപ്പെടുത്തുകയും പണി പൂർത്തീകരിച്ച ശേഷം മാത്രം അനുയോജ്യമായ ശീർഷകത്തിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ് എന്നിരിക്കെ, Deposit തുക നൽകിയ ഉടൻ ചെലവ്/ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി വരുന്നു. ആയതിനാൽ 2015-16ൽ മുൻകൂർ നൽകിയിട്ടും നാളിതുവരെ പണി പൂർത്തിയാക്കാത്ത പ്രവർത്തികളും അതാത് വർഷത്തിൽ തന്നെ അതാത് ആസ്തികളിൽ ഉൾപ്പെടുന്നു.

# 1-4 സാമ്പത്തിക വിശകലനം

| വർഷം | 2014-15 | 2015-16 |
|---|---|---|
| മുന്നിരിപ്പ് | 30282599 | 42399895 |
| വരവ് | 98837110 | 99723059 |
| ആകെ | 129119709 | 142122954 |
| ചെലവ് | 86719814 | 110952243 |
| നീക്കിയിരിപ്പ് | 42399895 | 31170711 |

# 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (RP40b) |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3239226 | 27944000 | 31183226 | 1966639 | 11516835 |
| വികസനഫണ്ട് എസ്.സി.പി. | 4416609 | 14709000 | 19125609 | 1226207 | 6863532 |
| വികസനഫണ്ട് ടി.എസ്.പി. | - | 32000 | 32000 | 32000 | - |
| സംരക്ഷണഗ്രാന്റ് | 2184085 | 2332000 | 4216085 | 3503974 | 712111 |
| ജനറൽ പർപ്പസ് ഗ്രാൻറ് | 2033025 | 3685422 | 5718447 | 2711944 | 3006503 |

2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ്. | നീക്കിയിരിപ്പ് (RP40b) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 11516835 | 26753816 | 38270651 | 38270651 | (-) 5013817 | 0 |
| വികസനഫണ്ട് എസ്.സി.പി. | 6863532 | 14477017 | 21340549 | 16326732 | 5013817 | 5245800 |
| വികസനഫണ്ട് ടി.എസ്.പി. | - | 32000 | 32000 | 32000 | - | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 712111 | 290579 | 1002690 | 1002690 | - | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3006503 | 3624551 | 6631054 | 2555953 | - | 4075101 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 2014-15 | 114 | 50340835 | 58 | 31960468 | 56 | 0 | 50.87% |
| 2015-16 | 121 | 61065367 | 63 | 54629383 | 58 | 0 | 52.06% |

പൂർത്തിയാക്കാതെ പൂർണ്ണമായും ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-04-2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹12,996/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 രജിസ്റ്ററുകളുടെ പരിപാലനം

ബ്ലോക്ക് പഞ്ചായത്ത് വാഹന പരിപാലനവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ജി.ഒ (എം.എസ്) 170/07 /തസ്വഭവ തീ.30.6.2007 പ്രകാരം ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക്, പെട്രോൾ, ഡീസൽ, ഗ്യാസ് ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്, ഫ്യൂവൽ രജിസ്റ്റർ , റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കസ്റ്റോഡിയൻ ഓഫീസറായിട്ടുള്ള KL- 46G 2727 Xylo(Mahindra), KL- 08Z8943 Jeep എന്നീ വാഹനങ്ങളുടെ ഫ്യൂവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, പെട്രോൾ, ഡീസൽ, ഗ്യാസ് ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മേൽ ഉത്തരവ് പ്രകാരമുള്ള രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതും വാഹനത്തിന്റെ അറ്റകുറ്റപ്പണി, ഇൻഷ്വറൻസ് അടവാക്കൽ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-11-2016 | 2015-16 | 05-04-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-01-2015 | 2009-10 മുതൽ 2013-14 വരെ | 14-03-2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ..

വരവിനത്തിൽ ഓഡിറ്റ് നിരീക്ഷണങ്ങൾ ഇല്ല

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ,ചൊവ്വന്നൂർ അഡീഷണൽ നടപ്പാക്കിയ പ്രോജക്ടുകൾ

3-1-1 പ്രോജക്റ്റ് നമ്പർ: 21/2014-15 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്, ചെലവഴിയ്ക്കാത്ത തുക സഞ്ചിതനിധിയിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല

ട്രഷറി ബിൽ നമ്പർ:- 1/2014-15 തിയ്യതി:26-11-2014

ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം 2014-15 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 8 ഗ്രാമപഞ്ചായത്തുകളിൽ വിതരണം ചെയ്ത തുകയും, ആയതിൽ പഞ്ചായത്തുകളിൽ വിനിയോഗിച്ച തുകയും താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | വിതരണം ചെയ്ത തുക (₹) | വിനിയോഗിച്ച തുക (₹) | ബാലൻസ് (₹) |
|---|---|---|---|---|
| 1 | കാട്ടകാമ്പാൽ | 1,25,000 | 1,23,900 | 1,100 |
| 2 | ചൂണ്ടൽ | 75,000 | 75,000 | 0 |
| 3 | പോർക്കുളം | 87,300 | 79,450 | 7,850 |
| 4 | കണ്ടാണശ്ശേരി | 1,00,000 | 1,00,000 | 0 |
| 5 | കടങ്ങോട് | 50,000 | 50,000 | 0 |
| 6 | ചൊവ്വന്നൂർ | 65,000 | 65,000 | 0 |
| 7 | വേലൂർ | 2,50,000 | 1,33,500 | 1,16,500 |
| 8 | കടവല്ലൂർ | 75,000 | 74,025 | 975 |
| ആകെ | | 8,27,300 | 7,00,875 | 1,26,425 |

മേൽ വിവരിച്ച വിനിയോഗിയ്ക്കാത്ത തുക സഞ്ചിതനിധിയിലേയ്ക്ക് തിരിച്ചടച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല, മേൽ വിവരിച്ച ₹1,26,425 തിരിച്ചടയ്ക്കുന്നതിനുള്ള സത്വര നടപടി സ്വീകരിയ്ക്കേണ്ടതും, തിരിച്ചടച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3-1-2 പ്രോജക്റ്റ് നമ്പർ: 65/2015-16 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്

ട്രഷറി ബിൽ നമ്പർ:- 1/2015-16, തിയ്യതി:18-03-2016, തുക:₹3,00,000/-

ട്രഷറി ബിൽ നമ്പർ:- IV/2015-16, തിയ്യതി:28-03-2016, തുക: ₹5,50,000/-

ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം 2015-16 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 8 ഗ്രാമപഞ്ചായത്തുകളിൽ വിതരണം ചെയ്ത തുക താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | വിതരണം ചെയ്ത തുക (₹) | ഡി.ഡി.നമ്പർ |
|---|---|---|---|
| 1 | കാട്ടകാമ്പാൽ | 1,30,000 | 467084/29-03-16 |
| 2 | ചൂണ്ടൽ | 1,00,000 | 467046/29-03-16 |
| 3 | പോർക്കുളം | 90,000 | 467086/29-03-16 |
| 4 | കണ്ടാണശ്ശേരി | 90,000 | 467044/29-03-16 |
| 5 | കടങ്ങോട് | 1,50,000 | 466027/19-03-16 |
| 6 | ചൊവ്വന്നൂർ | 65,000 | 467045/29-03-16 |
| 7 | വേലൂർ | 1,50,000 | 466028/19-03-16 |
| 8 | കടവല്ലൂർ | 75,000 | 467085/29-03-16 |
| ആകെ | | 8,50,000 | |

മേൽ വിവരിച്ചതിൽ വേലൂർ ഗ്രാമ പഞ്ചായത്തൊഴികെ മറ്റൊരിടത്തുനിന്നുമുള്ള, ഫണ്ടിന്റെ വിനിയോഗ സാക്ഷ്യപ്പത്രം പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. തുക വിനിയോഗിച്ചിട്ടില്ലാത്ത പക്ഷം, തുക സഞ്ചിതനിധിയിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിനുള്ള സത്വര നടപടി സ്വീകരിയ്ക്കേണ്ടതും, തിരിച്ചടച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപ്പത്രത്തിന്റെ അഭാവത്തിൽ 7,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-1-3പ്രോജക്ട് നമ്പർ:119/2015-16 വിഭിന്ന ശേഷിയുള്ള സ്കൂൾകുട്ടികൾക്ക് പഠനോപകരണങ്ങൾ, വിതരണക്കാരുമായി കരാർ വെച്ചിട്ടില്ല

ട്രഷറി ബിൽ നമ്പർ:- II/2015-16, തിയ്യതി:23-03-2016, തുക:₹ 46,700/-

ട്രഷറി ബിൽ നമ്പർ:III/2015-16, തിയ്യതി:23-03-2016, തുക:₹ 87,200/-

പദ്ധതി പ്രകാരം പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി ₹1,34,000/- ക്വോട്ടുചെയ്ത സായ് റിഹാബിലേറ്റഷൻ, V/426/ഏ, 'സമൃദ്ധി' അയ്യംപ്പിള്ളി ലൈൻ, നിയർ പിഷാരിക്കോവിൽ, തൃപ്പൂണിത്തുറ എന്ന സ്ഥാപനത്തിനെ 04-03-2016-ലെ, 2ൽ (1) ഭരണ സമിതി തീരുമാനപ്രകാരം ചുമതലപ്പെടുത്തുകയും ചെയ്യുകയുണ്ടായി. ഇതിലേയ്ക്കായി പ്രസ്തുത സ്ഥാപനം, ഇം.എം.ഡി.യായി ₹1340/- (ഡി.ഡി.നം: 204174 തിയ്യതി: 24-02-2014, ഫെഡറൽ ബാങ്ക്, തൃപ്പൂണിത്തുറ ബ്രാഞ്ച്) സെക്യൂരിറ്റി ഡെപ്പോസിറ്റായി ₹ 5355(ഡി.ഡി.നം: 564597 തിയ്യതി:08-03-2016, ഫെഡറൽ ബാങ്ക്, തൃപ്പൂണിത്തുറ ബ്രാഞ്ച്) എന്നിങ്ങനെ ആകെ ₹ 6695/-യുടെ ഡി.ഡി. ഹാജരാക്കിയതായി ഫയലിൽ കാണുന്നു. എന്നാൽ ഇവ പണമാക്കി മാറ്റി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ലാത്തതാണ്. ആയതിനുള്ള കാരണം അറിയിക്കേണ്ടതാണ്. മേൽ സ്ഥാപനവുമായി ചമച്ച വിതരണ കരാർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്. മേൽ സൂചിപ്പിച്ച പ്രകാരം ഇം.എം.ഡി.യായി സ്വീകരിച്ച ₹1340/- ഡി.ഡി. സ്ഥാപനത്തിന് 01-06-2016നു തന്നെ തിരിച്ചു നല്കിയിട്ടുള്ളതാണ്. കരാർ കാലാവധി കഴിഞ്ഞാണോ പ്രസ്തുത ഡി.ഡി തിരിച്ചുനല്കിയത്. എന്നീ കാര്യങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ : 02, തിയ്യതി: 07-04-2017)

## 3-2 മെഡിക്കൽ ഓഫീസർ,കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പഴഞ്ഞി നടപ്പാക്കിയ പ്രോജക്ടുകൾ

മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പഴഞ്ഞി 2014-15 വർഷത്തിൽ 16,69,995/-രൂപയുടെയും 2015-16 വർഷത്തിൽ 18,00,000/-രൂപയുടെയും കൂടി ആകെ 34,69,995/-രൂപ ചെലവു ചെയ്തതായി ബ്ലോക്ക് പഞ്ചായത്തിലെ ചെലവുപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ചെലവു പത്രിക പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

2014-15

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|---|
| 1 | 17/15 | പെയിൻ & പാലിയേറ്റീവ് | 950000 |
| 2 | 18/15 | പഴഞ്ഞി CHC ദൈനംദിന പ്രവർത്തനങ്ങൾ | 300000 |
| 3 | 19/15 | പഴഞ്ഞി CHCയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 350000 |
| 4 | 110/15 | ഖരമാലിന്യ പ്ലാന്റ് | 69995 |

2015-16

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|---|
| 1 | 66/16 | പഴഞ്ഞി CHC ദൈനംദിന പ്രവർത്തനങ്ങൾ | 400000 |
| 2 | 67/16 | പെയിൻ & പാലിയേറ്റീവ് | 1200000 |

| | | | |
|---|---|---|---|
| 3 | 68/16 | ഗർഭാശയ ക്യാൻസർ, സ്തനാർബുദ രോഗ നിർണ്ണയ ക്യാമ്പ് | 200000 |
| | | | 3469995 |

എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പഴഞ്ഞിയോട് ഓഡിറ്റ് എൻക്വയറി നമ്പർ : 03 തിയ്യതി: 07-04-2017, ഓഡിറ്റ് എൻക്വയറി നമ്പർ:17, തിയ്യതി:12-04-2017 എന്നിവ മുഖേനേ ആവശ്യപ്പെട്ടിരുന്നെങ്കിലും, ആയവ ഹാജരാക്കുകയുണ്ടായില്ല.

a) ട്രഷറി ബിൽ ബുക്ക്

b) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പഴഞ്ഞിയുടെ, 2014-15,2015-16 വർഷത്തെ TR 7A-ക്യാഷ് ബുക്ക്

c) Subsidiary Register Showing Receipts and Payments (Anex:B IV G.O. (P)No.177/2006/Fin Dt.12-04-2006)

d) Project Register (Anex:B V G.O.(P)No.177/2006/Fin Dt.12-04-2006)

മേൽ രേഖകളുടെ അഭാവത്തിൽ രണ്ടു ഓഡിറ്റ് സാമ്പത്തിക വർഷങ്ങളിലും കൂടി ചെലവുചെയ്ത 34,69,995/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

രണ്ടു സാമ്പത്തിക വർഷങ്ങളിലെ ബില്ലുകളും,വൗച്ചറുകളും ഹാജരാക്കിയത് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

3-2-1പ്രോജക്റ്റ് നമ്പർ:17/2014-15 പെയിൻ ആന്റ് പാലിയേറ്റീവ്- വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കിയിട്ടില്ല

ട്രഷറി ബിൽ നം:ലഭ്യമല്ല, തിയ്യതി:ലഭ്യമല്ല, തുക:₹ 8,00,000/-

പെയിൻ ആന്റ് പാലിയേറ്റീവ് എന്ന പദ്ധതി പ്രകാരം 2014-15 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 8 ഗ്രാമപഞ്ചായത്തുകളിൽ ഒരു ലക്ഷം രൂപ വീതം ആകെ എട്ട് ലക്ഷം രൂപ വിതരണം ചെയ്തിരിയ്ക്കുന്നു ആയതിന്റെ വിശദാംശം താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | വിതരണം ചെയ്ത തുക (₹) | ഡി.ഡി.നമ്പർ |
|---|---|---|---|
| 1 | കാട്ടകാമ്പാൽ | 1,00,000 | 093971/25-10-14 |
| 2 | ചൂണ്ടൽ | 1,00,000 | 093968/25-10-14 |
| 3 | പോർക്കുളം | 1,00,000 | 093969/25-10-14 |
| 4 | കണ്ടാണശ്ശേരി | 1,00,000 | 093970/25-10-14 |
| 5 | കടങ്ങോട് | 1,00,000 | 093964/25-10-14 |
| 6 | ചൊവ്വന്നൂർ | 1,00,000 | 093966/25-10-14 |
| 7 | വേലൂർ | 1,00,000 | 093965/25-10-14 |
| 8 | കടവല്ലൂർ | 1,00,000 | 093967/25-10-14 |
| ആകെ | | 8,00,000 | |

എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ വിനിയോഗിച്ച ഫണ്ടിന്റെ വിവരങ്ങൾ കാണിയ്ക്കുന്ന രേഖകൾ യാതൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല, തുക വിനിയോഗിച്ചിട്ടില്ലാത്ത പക്ഷം, തുക സഞ്ചിതനിധിയിലേയ്ക്ക് തിരിച്ചടച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ട്രഷറി ബിൽ നം: 6/2014-15, തിയ്യതി:ലഭ്യമല്ല, തുക: ₹ 1,50,000/-

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പഴഞ്ഞിയിൽ, ഈ പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നു വാങ്ങിയതിന്റെ 1,50,000/-രൂപയുടെ കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല.

3-2-2 പ്രോജക്ട് നമ്പർ:18/2014-15 പഴഞ്ഞി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ദൈനംദിന പ്രവർത്തനം - പ്രിന്റിംഗ് ജോലികൾക്കായി വൻതുക ചെലവഴിച്ചു - പ്രോക്യൂർമെന്റ് മാന്വൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല, ആദായ നികുതി ഈടാക്കിയിട്ടില്ല

ട്രഷറി ബിൽ നം:ലഭ്യമല്ല, തിയ്യതി:ലഭ്യമല്ല, തുക:₹ 1,40,000/-

ട്രഷറി ബിൽ നം:9/2014-15 തിയ്യതി:ലഭ്യമല്ല തുക:₹ 70,000/-

ട്രഷറി ബിൽ നം:11/2014-15 തിയ്യതി:ലഭ്യമല്ല തുക:₹ 90,000/-

പ്രോജക്ടിൽ നിന്നും 2014-15 വർഷത്തിൽ 'SIMPLE PRINTERS,PAZHAYANNUR, THRISSUR' ,'SIMPLE OFFSET PRESS, CHELAKKARA,THRISSUR' എന്നീ സ്ഥാപനങ്ങൾക്ക് താഴെ പട്ടികപ്പെടുത്തിയപ്രകാരം പഴഞ്ഞികമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ വിവിധ പ്രിന്റിംഗ് ജോലികൾക്കായി തുക അനുവദിച്ചിട്ടുള്ളതാണ്.

| SIMPLE PRINTERS,PAZHAYANNUR | | | | |
|---|---|---|---|---|
| ക്രമ നം. | ബിൽ നം. | തിയ്യതി | തുക(₹) | ട്രഷറി ബിൽ നം: |
| 1 | 120 | 12-05-14 | 2800 | 4/2014-15 തിയ്യതി:ലഭ്യമല്ല |
| 2 | 280 | ലഭ്യമല്ല | 2200 | -do- |
| 3 | | ലഭ്യമല്ല | 2200 | -do- |
| 4 | 290 | 7-06-14 | 1600 | -do- |
| 5 | 280 | 7-06-14 | 2800 | -do- |
| 6 | 121 | 12-05-14 | 960 | -do- |
| 7 | 293 | 07-06-14 | 384 | -do- |
| 8 | 621 | 03-09-14 | 2640 | -do- |
| 9 | 473 | 14-07-14 | 1600 | -do- |
| 10 | 471 | 14-07-14 | 2400 | -do- |
| 11 | 475 | 14-07-14 | 2800 | -do- |
| 12 | 607 | 02-08-14 | 2400 | -do- |
| 13 | 603 | 31-07-14 | 1624 | -do- |
| 14 | 611 | 02-08-14 | 1960 | -do- |
| 15 | 642 | 29-09-14 | 1340 | -do- |
| 16 | 645 | 30-09-14 | 1400 | -do- |
| 17 | 641 | 29-09-14 | 960 | -do- |
| 18 | 644 | 30-09-14 | 672 | -do- |
| 19 | 619 | 29-08-14 | 890 | -do- |
| 20 | ലഭ്യമല്ല | ലഭ്യമല്ല | 1960 | -do- |
| 21 | ലഭ്യമല്ല | ലഭ്യമല്ല | 2637 | -do- |

| | | | | |
|---|---|---|---|---|
| 22 | ലഭ്യമല്ല | ലഭ്യമല്ല | 890 | -do- |
| 23 | 277 | 30-11-13 | 2800 | 9/2014-15 തിയ്യതി:ലഭ്യമല്ല |
| 24 | 284 | -do- | 1440 | -do- |
| 25 | 281 | 25-11-13 | 880 | -do- |
| 26 | 363 | 12-01-15 | 1600 | 11/2014-15 തിയ്യതി:ലഭ്യമല്ല |
| 27 | 371 | 03-02-15 | 1400 | -do- |
| 28 | 362 | 10-01-15 | 1400 | -do- |
| ആകെ | | | 48637 | |

| SIMPLE OFFSET PRESS, CHELAKKARA | | | | |
|---|---|---|---|---|
| ക്രമ നം. | ബിൽ നം. | തിയ്യതി | തുക(₹) | ട്രഷറി ബിൽ നം: |
| 1 | 652 | 15-10-14 | 672 | 9/2014-15 തിയ്യതി:ലഭ്യമല്ല |
| 2 | 647 | 14-10-14 | 1400 | -do- |
| 3 | 282 | 25-11-13 | 2200 | -do- |
| 4 | 649 | 14-10-14 | 1600 | -do- |
| 5 | 711 | 14-11-14 | 2240 | -do- |
| 6 | 709 | 01-11-14 | 2000 | -do- |
| 7 | 680 | 28-11-14 | 2320 | -do- |
| 8 | 609 | ലഭ്യമല്ല | 890 | -do- |
| 9 | 757 | ലഭ്യമല്ല | 2100 | 11/2014-15 തിയ്യതി:ലഭ്യമല്ല |
| 10 | 210 | 26-03-15 | 3600 | -do- |
| 11 | 178 | 05-03-15 | 1680 | -do- |
| 12 | 171 | 28-02-15 | 2400 | -do- |
| 13 | 207 | 26-03-15 | 3500 | -do- |
| 14 | 74 | 05-01-15 | 960 | -do- |
| 15 | 355 | 02-01-15 | 864 | -do- |
| 16 | ലഭ്യമല്ല | ലഭ്യമല്ല | 3600 | -do- |
| 17 | ലഭ്യമല്ല | ലഭ്യമല്ല | 407 | -do- |
| ആകെ | | | 32433 | |

തുക അനുവദിച്ചതുസംബന്ധിച്ച് താഴെ പറയുന്ന അപാകതയുള്ളതാണ്

a) പ്രിന്റിംഗിന് മൊത്തം 50,000/- രൂപയിൽ കൂടുതലുള്ള പ്രവർത്തിയായിട്ടും, പ്രോക്യൂർമെന്റ് മാന്വലിൽ നിർദ്ദേശിച്ചവിധം ക്വട്ടേഷൻ നടപടിക്രമം പാലിച്ചിട്ടില്ലാത്തതാണ്

b) പ്രിന്റിംങ്ങ് പ്രവർത്തികളിലധികവും കൂപ്പൺ പ്രിന്റിംങ്ങ് മുതലായവയായതിനാൽ ആയതിന്റെ തുക ആശുപത്രിയിൽ

പ്രവർത്തിയ്ക്കുന്ന HMC ഫണ്ടിൽ നിന്നും നല്കിയിട്ടില്ല

c) ആദായനികുതി നിയമം സെക്ഷൻ 194ജെ അനുശാസിയ്ക്കും വിധം മേൽ പറഞ്ഞവരിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല

d) പ്രിന്റിംഗ് പ്രസ് ഉടമകളിൽ നിന്നും കേരള വാറ്റ് ചട്ടങ്ങൾ അനുശാസിയ്ക്കും വിധത്തിലുള്ള ബില്ല് അല്ല വാങ്ങിയിട്ടുള്ളത്.

e) G.O(P)No.177/2006/Fin Dt.12-04-2006 ഖണ്ഡിക 8-2 അനുശാസിയ്ക്കും വിധം മേൽപറഞ്ഞവർക്ക് ,തുക അനുവദിച്ചപ്പോൾ ഡി.ഡി.മുഖാന്തിരമല്ല തുക അനുവദിച്ചത്

3-2-3 പ്രോജക്ട് നമ്പർ:18/2014-15 പഴഞ്ഞി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേയ്ക്കുള്ള സാധനങ്ങൾ വാങ്ങൽ - തുക അനുവദിച്ചതിൽ പൊരുത്തക്കേടുകൾ

ട്രഷറി ബിൽ നം:ലഭ്യമല്ല, തിയ്യതി:ലഭ്യമല്ല, തുക:₹72,758/-

ആകെ ₹72,758/- അനുവദിച്ചിരിയ്ക്കുന്നു എന്നാൽ ₹67,998/- ചെലവു വന്നിരിയ്ക്കുന്ന ബിൽ മാത്രമാണ് ബില്ലിനോടൊപ്പം ഹാജരാക്കിയിട്ടുള്ളത് ₹4760/- അധികം നൽകിയത് സംബന്ധിച്ച വിശദീകരണം അറിയിക്കേണ്ടതും, ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ട്രഷറി ബിൽ നം:10/2014-15 തിയ്യതി:ലഭ്യമല്ല തുക:₹1,39,477/-

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നുള്ള ₹31,137/-ന്റെ കൈപ്പറ്റു രശീതി പരിശോധനയ്ക്ക് ഹാജരാക്കുക.

ട്രഷറി ബിൽ നം:12/2014-15 തിയ്യതി:ലഭ്യമല്ല തുക:₹1,15,589/-

ചെലവു സ്റ്റേറ്റ്മെന്റ് പ്രകാരം ₹ 775/- നൽകികാണുന്നു, എന്നാൽ ഈ തുക എന്തിനായി ചെലവഴിച്ചു എന്ന് വിവരിച്ചിട്ടില്ലാത്തതാണ് ആയതിനുള്ള ബില്ലും കൈപ്പറ്റു രശീതിയും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഈ പ്രോജക്ടിൽ ചെലവുചെയ്ത 22,176/-രൂപയ്ക്കുള്ള ട്രഷറി ബില്ലും, അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

2015-16

3-2-4 പ്രോജക്ട് നമ്പർ:66/2015-16 പഴഞ്ഞി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ദൈനംദിന പ്രവർത്തനം

ട്രഷറി ബിൽ നം: ലഭ്യമല്ല, തിയ്യതി:ലഭ്യമല്ല, തുക:₹2,23,536/- സാംങ്ഷൻ ഓർഡർ നം: ലഭ്യമല്ല

ട്രഷറി ബിൽ നം: ലഭ്യമല്ല, തിയ്യതി:ലഭ്യമല്ല, തുക:₹1,76,464/- സാംങ്ഷൻ ഓർഡർ നം:A472/2016 തിയ്യതി: 21-03-16

പ്രോജക്ടിൽ നിന്നും 2015-16 വർഷത്തിൽ 'ANNVIYA Printing Press, Vettikkattiri, P.O.Cheruthuruthi' എന്ന സ്ഥാപനത്തിന് താഴെ പട്ടികപ്പെടുത്തിയപ്രകാരം പഴഞ്ഞികമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ വിവിധ പ്രിന്റിംഗ് ജോലികൾക്കായി തുക അനുവദിച്ചിട്ടുള്ളതാണ്.

| ക്രമ നം. | ബിൽ നം. | തിയ്യതി | തുക(₹) |
|---|---|---|---|
| ട്രഷറി ബിൽ നം: ലഭ്യമല്ല തിയ്യതി:ലഭ്യമല്ല തുക:₹1,76,464/-സാംങ്ഷൻ ഓർഡർ നം:A472/2016 തിയ്യതി:21-03-16 | | | |
| 1 | 21 | 02-05-15 | 9400 |
| 2 | 26 | 05-05-15 | 5600 |
| 3 | 27 | 07-05-15 | 5700 |
| 4 | 76 | 20-05-15 | 2416 |
| 5 | 41 | 20-05-15 | 2632 |

| | | | |
|---|---|---|---|
| 6 | 34 | 20-05-15 | 3264 |
| 7 | 78 | 25-05-15 | 1020 |
| 8 | 70 | 28-05-15 | 1800 |
| 9 | 72 | 28-05-15 | 1530 |
| ട്രഷറി ബിൽ നം: ലഭ്യമല്ല തിയ്യതി:ലഭ്യമല്ല തുക: ₹2,23,536/- | | | |
| 10 | 108 | 26-08-15 | 5700 |
| 11 | 105 | 26-08-15 | 2800 |
| 12 | 111 | 26-08-15 | 1344 |
| 13 | | | 900 |
| ആകെ | | | 44106 |

തുക അനുവദിച്ചതു സംബന്ധിച്ച് താഴെ പറയുന്നവയ്ക്ക് മറുപടി നൽകേണ്ടതാണ്

a) പ്രിന്റിംങ്ങ് പ്രവർത്തികളിലധികവും കൂപ്പൺ പ്രിന്റിംങ്ങ് മുതലായവയായതിനാൽ ആയതിന്റെ തുക ആശുപത്രിയിൽ പ്രവർത്തിയ്ക്കുന്ന HMC ഫണ്ടിൽ നിന്നും നല്കിയിട്ടില്ല

b) ആദായനികുതി നിയമം സെക്ഷൻ 194ജെ അനുശാസിയ്ക്കും വിധം മേൽ പറഞ്ഞവരിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല

c) പ്രിന്റിംഗ് പ്രസ് ഉടമകളിൽ നിന്നും കേരള വാറ്റ് ചട്ടങ്ങൾ അനുശാസിയ്ക്കും വിധത്തിലുള്ള ബിൽ അല്ല വാങ്ങിയിട്ടുള്ളത്.

d) G.O(P)No.177/2006/Fin Dt.12-04-2006 ഖണ്ഡിക 8-2 അനുശാസിയ്ക്കും വിധം മേൽപ്പറഞ്ഞവർക്ക് ഡി.ഡി.മുഖാന്തരമല്ല തുക അനുവദിച്ചത്

3-2-5 <u>പ്രോജക്റ്റ് നമ്പർ:67/2015-16 പെയിൻ ആന്റ് പാലിയേറ്റീവ്</u>

ട്രഷറി ബിൽ നം: ലഭ്യമല്ല തിയ്യതി:ലഭ്യമല്ല തുക:₹50,000/- സാംങ്ഷൻ ഓർഡർ നം:A471/2016 തിയ്യതി:21-03-16

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നുള്ള ഇൻവോയിസ് നമ്പർ:PRF 4042തിയ്യതി:18-03-16 പ്രകാരം വിതരണം ചെയ്യേണ്ടിയിരുന്ന 50,000/-രൂപയുടെ മരുന്നിൽ, ഇൻവോയിസ് നമ്പർ:2216തിയ്യതി:29-07-16 പ്രകാരം, 25,661/-രൂപയുടെ മരുന്നേ വിതരണം ചെയ്തിട്ടുള്ളൂ, 24,339/-രൂപയുടെ മരുന്ന് വിതരണം ചെയ്തതിന്റെ രേഖകളും, മരുന്ന് സ്റ്റോക്കിൽ എടുത്തത് കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല.

ട്രഷറി ബിൽ നം: ലഭ്യമല്ല തിയ്യതി:ലഭ്യമല്ല തുക: ₹ 1,50,000/- സാംങ്ഷൻ ഓർഡർ നം:A797/2016 തിയ്യതി:23-03-16

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നുള്ള ഇൻവോയിസ് നമ്പർ:PRF 4289 തിയ്യതി:26-03-16 പ്രകാരം വിതരണം ചെയ്യേണ്ടിയിരുന്ന 1,50,000/-രൂപയുടെ മരുന്നിൽ, ഇൻവോയിസ് നമ്പർ:2226 തിയ്യതി:29-07-16, ഇൻവോയിസ് നമ്പർ:4022 തിയ്യതി:25-10-16, എന്നിവ പ്രകാരം, 74,463/-രൂപയുടെ മരുന്നേ വിതരണം ചെയ്തിട്ടുള്ളൂ, 75,537/-രൂപയുടെ മരുന്ന് വിതരണം ചെയ്തതിന്റെ രേഖകളും, മരുന്ന് സ്റ്റോക്കിൽ എടുത്തത് കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല.

ട്രഷറി ബിൽ നം: ലഭ്യമല്ല തിയ്യതി:ലഭ്യമല്ല തുക: ₹ 10,00,000/- സാംങ്ഷൻ ഓർഡർ നം:71500026 തിയ്യതി:06-09-2016

പെയിൻ ആന്റ് പാലിയേറ്റീവ് എന്ന പദ്ധതി പ്രകാരം 2015-16 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 7 PHCകളിലും, പഴഞ്ഞി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലുമായി, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നുള്ള ഇൻവോയിസ് പ്രകാരം മരുന്ന് വാങ്ങുന്നതിന് പത്ത് ലക്ഷം രൂപ വിതരണം ചെയ്തിരിയ്ക്കുന്ന ആയതിന്റെ വിശദാംശം താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | ആരോഗ്യ കേന്ദ്രത്തിന്റെ പേര് | വിതരണം ചെയ്ത തുക (₹) | ഡി.ഡി.നമ്പർ | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നുള്ള ഇൻവോയ്സ് നമ്പർ |
|---|---|---|---|---|
| 1 | പഴഞ്ഞി CHC | 3,00,000 | 465236/01-03-16 | PRF 1178 തിയ്യതി: 18-11-15 & PRF 4242തിയ്യതി: 23-03-16 |
| 2 | ചൂണ്ടൽ PHC | 1,00,000 | 465220/01-03-16 | PRF 1283തിയ്യതി: 30-11-15 |
| 3 | പോർക്കുളം PHC | 1,00,000 | 465225/01-03-16 | PRF 1981തിയ്യതി: 22-01-16 |
| 4 | കണ്ടാണശ്ശേരി PHC | 1,00,000 | 465223/01-03-16 | PRF 1036തിയ്യതി: 01-10-16 |
| 5 | കടങ്ങോട് PHC | 1,00,000 | 465221/01-03-16 | PRF 1956തിയ്യതി: 21-01-16 |
| 6 | ചൊവ്വന്നൂർPHC | 1,00,000 | 465222/01-03-16 | PRF 1294തിയ്യതി: 30-11-15 & PRF 1292 തിയ്യതി:30-11-15 |
| 7 | വേലൂർ PHC | 1,00,000 | 465224/01-03-16 | PRF 023തിയ്യതി: 03-11-15 & PRF 045തിയ്യതി: 04-01-16 |
| 8 | പെരുംപിലാവ് PHC | 1,00,000 | 465226/01-03-16 | PRF 1010തിയ്യതി: 27-10-15 |
| ആകെ | | 10,00,000 | | |

എന്നാൽ 7 PHCകളിൽ വിനിയോഗിച്ച ഫണ്ടിന്റെ വിവരങ്ങൾ കാണിയ്ക്കുന്ന രേഖകൾ യാതൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. തുക വിനിയോഗിച്ചതിന്റെ വിശദാംശവും, മരുന്ന് സ്റ്റോക്കിൽ എടുത്തത്

കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കുക. തുക വിനിയോഗിച്ചിട്ടില്ലാത്ത പക്ഷം, തുക സഞ്ചിതനിധിയിലേയ്ക്ക് തിരിച്ചടച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3-2-6 പ്രോജക്ട് നമ്പർ:68/2015-16 ഗർഭാശയ ക്യാൻസർ,സ്തനാർബുദ രോഗ നിർണ്ണയ ക്യാമ്പ്

ട്രഷറി ബിൽ നം: ലഭ്യമല്ല തിയ്യതി:ലഭ്യമല്ല തുക: ₹ 2,00,000/- സാംങ്ഷൻ ഓർഡർ നം: തിയ്യതി:

പ്രോജക്ട് പ്രകാരം 2015-16 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 7 PHCകളിലും, പഴഞ്ഞി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലുമായി, രണ്ട് ലക്ഷം രൂപ വിതരണം ചെയ്തിരിയ്ക്കുന്ന ആയതിന്റെ വിശദാംശം താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | ആരോഗ്യ കേന്ദ്രത്തിന്റെ പേര് | വിതരണം ചെയ്ത തുക (₹) | ഡി.ഡി.നമ്പർ |
|---|---|---|---|
| 1 | പഴഞ്ഞി CHC | 19,000 | 465010 |
| 2 | ചൂണ്ടൽ PHC | 19,000 | 465013 |
| 3 | പോർക്കുളം PHC | 19,000 | 465006 |
| 4 | കണ്ടാണശ്ശേരി PHC | 19,000 | 465008 |
| 5 | കടങ്ങോട് PHC | 19,000 | 465009 |
| 6 | ചൊവ്വന്നൂർPHC | 19,000 | 465007 |
| 7 | വേലൂർ PHC | 19,000 | 465011 |
| 8 | പെരുംപിലാവ് PHC | 19,000 | 465005 |
| ആകെ | | 1,52,000 | |

മേൽ പട്ടികയിൽ പറഞ്ഞതിനുപുറമേ ₹ 48,000/- ഈ ഇനത്തിൽ പഴഞ്ഞി CHCയിൽ ചെലവാക്കിയതായി രേഖപ്പെടുത്തിയിരിയ്ക്കുന്നു,

ഇതു സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ഉള്ളതാണ്

a) ഫണ്ട് വിനിയോഗിച്ച വിവരങ്ങൾ കാണിയ്ക്കുന്ന രേഖകൾ യാതൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല,

b) പദ്ധതി ആസൂത്രണവും, സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ, സർക്കാർ ഉത്തരവ് നമ്പർ:362/2013/ത.സ്വ.ഭ.വ. തിയ്യതി 16-11-2013, അനുബന്ധം 16, ഖണ്ഡിക7-7-ലെ നിർദ്ദേശത്തിനു വിരുദ്ധമായാണ് ക്യാമ്പിനായി പദ്ധതി പണം ചെലവഴിച്ചിട്ടുള്ളത്.

(ഓഡിറ്റ് എൻക്വയറി നമ്പർ :03തിയ്യതി:07-04-2017,

ഓഡിറ്റ് എൻക്വയറി നമ്പർ :17 തിയ്യതി:12-04-2017)

## 3-3 അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നിർവ്വഹണം നടത്തിയ പദ്ധതികൾ

3-3-1 പ്രോജക്ട് നമ്പർ:S 20/2015 – സമഗ്ര നെൽകൃഷി വികസനം

ട്രഷറി ബിൽ നമ്പർ:- PP1/2014-15 തിയ്യതി:31-12-2014

പദ്ധതിപ്രകാരം നെൽകൃഷിയ്ക്കായി ഉമ നെൽവിത്ത്, കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി അയ്യന്തോൾ, തൃശ്ശൂരിൽ നിന്നും വാങ്ങി, ബ്ലോക്കിലെ താഴെ പറയുന്ന കൃഷിഭവനുകളിലൂടെ വിതരണം ചെയ്ത ഉമ നെൽവിത്ത്,

കർഷകർ കൈപ്പറ്റിയതിന്റെ കൈപ്പറ്റുവിവരം, നെൽവിത്തു പ്രയോജനപ്പെടുത്തി കർഷകർ കൃഷിനടത്തിയതായുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രം, കൃഷിയിടത്തിന്റെ ഭൂവിസ്തൃതി എന്നീരേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായില്ല.

| ക്രമ നം. | കൃഷിഭവൻ | കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി അയ്യന്തോൾ, തൃശ്ശൂർ | | | വിതരണ തിയ്യതി | വിതരണം ചെയ്ത ഉമ നെൽവിത്തിന്റെ | |
|---|---|---|---|---|---|---|---|
| | | ബിൽ നം. | തിയ്യതി | തുക @₹36/Kg. | | അളവ് (Kg.) | സബ്സിഡി തുക (₹) |
| 1 | കണ്ടാണശ്ശേരി | 1622/14-15 | 18-11-2014 | 1,15,560 | 10-11-14 | 3210 | 99,510 |
| 2 | കാട്ടകാമ്പാൽ | 1451/14-15 | 11-11-2014 | 2,88,360 | 21-11-14 | 8010 | 2,65,450 |
| 3 | പോർക്കുളം | 1422/14-15 | 12-11-2014 | 47,520 | 12-10-14 | 1320 | 47,520 |
| ആകെ | | | | | | | 4,12,480 |

മേൽ രേഖകളുടെ അഭാവത്തിൽ 4,12,480/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-3-2 <u>പ്രോജക്റ്റ് നമ്പർ:S36/2015 കുടുംബശ്രീ വഴി നെൽകൃഷി വികസനം</u>

ട്രഷറി ബിൽ നമ്പർ:- PP3/2014-15 തിയ്യതി:28-03-2015 തുക:₹ 5,34,400/-

പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ ചൊവ്വന്നൂർ, ചൂണ്ടൽ, കണ്ടാണശ്ശേരി, കടങ്ങോട്, കാട്ടകാമ്പാൽ എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളിലെ 39 കുടുംബശ്രീ യൂണിറ്റുകൾക്ക് ₹ 2,97,311/- നെൽകൃഷി കൂലി ചെലവിനത്തിലും, നെൽകൃഷിയ്ക്കായി വളം വിതരണം ചെയ്ത നാല് പ്രാദേശിക സഹകരണ സംഘങ്ങൾക്ക് ₹ 2,37,089/- കൂടി ആകെ ₹5,34,400/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവു സംബന്ധിച്ച താഴെ പറയുന്ന രേഖകൾ പരിശോധനയക്ക് ഹാജരാക്കിയില്ല.

a) പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നതിനായുള്ള കുടുംബശ്രീ യൂണിറ്റുകളുടെ അപേക്ഷ, അംഗീകൃത ഗുണഭോക്തൃപട്ടിക.

b) കൃഷിനടത്തിയതായുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രം, കൃഷിയിടത്തിന്റെ ഭൂവിസ്തൃതി എന്നീരേഖകൾ

c) പദ്ധതിയുടെ ഗുണഭോക്താക്കളായ കുടുംബശ്രീ യൂണിറ്റുകളുടെ അംഗീകാരം സംബന്ധിച്ച രേഖകൾ.

d) താഴെ പറയുന്നവർ പണം കൈപ്പറ്റിയപ്പോൾ നല്കിയ കൈപ്പറ്റു രശീതി

| ക്രമ നം. | പണം കൈപ്പറ്റിയ സ്ഥാപനത്തിന്റെ പേര് | കൈപ്പറ്റിയ തുക (₹) |
|---|---|---|
| 1 | സെക്രട്ടറി, ഡാലിയ JLG ചൊവ്വന്നൂർ | 5480 |
| 2 | സെക്രട്ടറി, SCB കേച്ചരി | 16160 |
| 3 | സെക്രട്ടറി, തേജസ് കുടുംബശ്രീ | 3040 |
| 4 | സെക്രട്ടറി, ധനം കുടുംബശ്രീ | 2560 |
| 5 | സെക്രട്ടറി, അമൃത കുടുംബശ്രീ | 8000 |
| 6 | സെക്രട്ടറി, പവിഴം കുടുംബശ്രീ | 3840 |
| 7 | സെക്രട്ടറി, ജ്യോതി കുടുംബശ്രീ | 5760 |
| 8 | സെക്രട്ടറി, SCBമറ്റം | 3623 |
| 9 | സെക്രട്ടറി, കതിർ സംഘകൃഷി കണ്ടാണശ്ശേരി | 1784 |

| | | |
|---|---|---|
| 10 | സെക്രട്ടറി, ജ്യോതി JLG കണ്ടാണശ്ശേരി | 4497 |
| 11 | സെക്രട്ടറി, SCBകാട്ടകാമ്പാൽ | 176400 |
| 12 | സെക്രട്ടറി, അക്ഷര JLG കാട്ടകാമ്പാൽ | 11600 |
| 13 | സെക്രട്ടറി, അക്ഷയ JLG കാട്ടകാമ്പാൽ | 6800 |
| 14 | സെക്രട്ടറി, അനഘ JLG കാട്ടകാമ്പാൽ | 16000 |
| 15 | സെക്രട്ടറി, അനശ്വര JLG കാട്ടകാമ്പാൽ | 10000 |
| 16 | സെക്രട്ടറി, അനിഴം JLG കാട്ടകാമ്പാൽ | 8800 |
| 17 | സെക്രട്ടറി, അത്തം JLG കാട്ടകാമ്പാൽ | 6000 |
| 18 | സെക്രട്ടറി, അവിട്ടം JLG കാട്ടകാമ്പാൽ | 8000 |
| 19 | സെക്രട്ടറി, ധനം JLG കാട്ടകാമ്പാൽ | 7200 |
| 20 | സെക്രട്ടറി, ഹ്യതിക JLG കാട്ടകാമ്പാൽ | 4000 |
| 21 | സെക്രട്ടറി, കളഭം JLG കാട്ടകാമ്പാൽ | 16000 |
| 22 | സെക്രട്ടറി, കമലം JLG കാട്ടകാമ്പാൽ | 14400 |
| 23 | സെക്രട്ടറി, കാർത്തിക JLG കാട്ടകാമ്പാൽ | 6400 |
| 24 | സെക്രട്ടറി, കവിത JLG കാട്ടകാമ്പാൽ | 16000 |
| 25 | കീർത്തി JLG കാട്ടകാമ്പാൽ | 5600 |
| 26 | സെക്രട്ടറി, നന്മ JLG കാട്ടകാമ്പാൽ | 6400 |
| 27 | സെക്രട്ടറി, ഒരുമ JLG കാട്ടകാമ്പാൽ | 17550 |
| 28 | സെക്രട്ടറി, സ്നേഹ JLG കാട്ടകാമ്പാൽ | 4000 |
| 29 | സെക്രട്ടറി, സോദര്യ JLG കാട്ടകാമ്പാൽ | 9600 |
| 30 | സെക്രട്ടറി, ശ്രീ അയ്യപ്പൻ JLG കാട്ടകാമ്പാൽ | 11200 |
| 31 | സെക്രട്ടറി, സ്വാതി JLG | 12800 |

| | | |
|---|---|---|
| | കാട്ടകാമ്പാൽ | |
| 32 | സെക്രട്ടറി, വർഷ JLG കാട്ടകാമ്പാൽ | 3200 |
| ആകെ | | 4,32,694 |

മേൽ രേഖകളുടെ അഭാവത്തിൽ 4,32,694/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-3-3 പ്രോജക്ട് നമ്പർ:S37/2015 കുടുംബശ്രീ വഴി വാഴക്കൃഷി വികസനം

ട്രഷറി ബിൽ നമ്പർ:- PP2/2014-15 തിയ്യതി:28-03-2015 തുക:₹ 2,22,719/-

പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ കാട്ടകാമ്പാൽ, കടങ്ങോട്, ചൂണ്ടൽ, പോർക്കുളം, കടവല്ലൂർ, കണ്ടാണശ്ശേരി, എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളിലെ 77 കുടുംബശ്രീ യൂണിറ്റുകൾക്ക് വാഴക്കൃഷിയ്ക്കായി, നടീൽ വസ്തു, VFPCK,ആലത്തൂർ പാലക്കാട്, SSF മണ്ണുത്തി, SSF പാണഞ്ചേരി എന്നിവിടങ്ങളിൽ നിന്നു, ജൈവവളം പ്രാദേശിക സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങി വിതരണം ചെയ്ത പദ്ധതിയായിരുന്നു. ഇതിനായി ആകെ ₹ 2,22,719/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവു സംബന്ധിച്ച താഴെ പറയുന്ന രേഖകൾ പരിശോധനയക്ക് ഹാജരാക്കിയില്ല.

a) പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിനായുള്ള കുടുബശ്രീ യൂണിറ്റുകളുടെ അപേക്ഷ, അംഗീകൃത ഗുണഭോക്തൃപട്ടിക.

b) കൃഷിനടത്തിയതായുള്ള കൃഷിഓഫീസറുടെ സാക്ഷ്യപ്പത്രം, കൃഷിയിടത്തിന്റെ ഭൂവിസ്തൃതി എന്നീ രേഖകൾ

c) പദ്ധതിയുടെ ഗുണഭോക്താക്കളായ കുടുബശ്രീ യൂണിറ്റുകളുടെ അംഗീകാരം സംബന്ധിച്ച രേഖകൾ.

d) താഴെ പറയുന്നവർ പണംകൈപ്പറ്റിയപ്പോൾ നല്കിയ കൈപ്പറ്റു രശീതി

| ക്രമ നം. | പണം കൈപ്പറ്റിയ സ്ഥാപനത്തിന്റെ പേര് | കൈപ്പറ്റിയ തുക (₹) |
|---|---|---|
| 1 | സെക്രട്ടറി, SCB കേച്ചേരി | 9320 |
| 2 | സെക്രട്ടറി, SCB വെള്ളർക്കാട് | 3787 |
| 3 | സെക്രട്ടറി, SCB മറ്റം | 16000 |
| 4 | സെക്രട്ടറി, SCBപഴഞ്ഞി | 11752 |
| 5 | സീനിയർ അഗ്രി.ഓഫീസർ, SSF മണ്ണുത്തി | 38400 |
| 6 | അസിസ്റ്റന്റ്ഡയറക്ടർ (കൃഷി), SSF പാണഞ്ചേരി | 14100 |
| ആകെ | | 93,359 |
